## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം 937

12.06.2013 ൽ മറുപടിക്ക്

### വിനോദ സഞ്ചാര കേന്ദ്ര വികസനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. പി.എ.മാധവൻ<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. ലൂഡി ലൂയിസ് | ശ്രീ. എ.പി.അനിൽകുമാർ<br>(ബഹു.പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) വിനോദ സഞ്ചാര കേന്ദ്ര വികസനം ജനപങ്കാളിത്തത്തോടെ നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;<br><br>ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദീകരിക്കുമോ;<br><br>സി) ഏതെല്ലാം തരം പങ്കാളിത്തമാണ് വിഭാവനം ചെയ്തിരിക്കുന്നത്<br><br>ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം? | എ) ബി) സി) ഡി) ഓരോ ജില്ലയിലെയും പ്രധാന ടൂറിസം പ്രദേശങ്ങളുമായി ബന്ധപ്പെട്ടു കിടക്കുന്ന പഞ്ചായത്തുകളിലെ ടൂറിസം ആകർഷണങ്ങൾ വികസിപ്പിച്ച് തദ്ദേശ പങ്കാളിത്തത്തോടെ അവ വികസിപ്പിക്കാനുള്ള ഒരു പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ 150 തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളെയാണ് ഈ പദ്ധതിയിൽ കൊണ്ടു വരാനുദ്ദേശിക്കുന്നത്. ഓരോ പഞ്ചായത്തുകളിലെയും മാനവശേഷിയും പ്രകൃതി വിഭവങ്ങളും വ്യക്തമായി തിട്ടപ്പെടുത്തിയശേഷം അതതു പഞ്ചായത്തുകൾക്കനുയോജ്യമായ ടൂറിസം പദ്ധതികൾ പഞ്ചായത്തിന്റെ നേതൃത്വത്തിലായിരിക്കും വികസിപ്പിക്കപ്പെടുക. കൃഷി മത്സ്യബന്ധനം, പരമ്പരാഗത ഉത്സവങ്ങൾ, ആഘോഷങ്ങൾ, പാരമ്പര്യ ചികിത്സാവിധികൾ തുടങ്ങിയവയൊക്കെ ടൂറിസം ഉൽപ്പന്നങ്ങളുടെ വികസനത്തിനായി പരിഗണിക്കപ്പെടും. ഇങ്ങനെ വികസിപ്പിക്കുന്ന ഉപ ആകർഷണങ്ങൾ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ കൂടുതൽ ദിവസം താമസിക്കാൻ അവിടെയെത്തുന്ന സന്ദർശകരെ പ്രോത്സാഹിപ്പിക്കും. പഞ്ചായത്തുകളുടെ മറ്റു വികസന പദ്ധതികളുമായി സമന്വയിപ്പിച്ച് നടപ്പാക്കാൻ വിഭാവനം ചെയ്തിരിക്കുന്ന ജനകീയ ടൂറിസം പദ്ധതി തദ്ദേശ വിഭവങ്ങൾ സംരക്ഷിക്കുന്നതിനും പരിപാലിക്കുന്നതിനും തദ്ദേശീയർക്ക് സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനും ലക്ഷ്യമിടുന്നു. |

സെക്ഷൻ ഓഫീസർ